## എക്സിക്യൂട്ടീവ് ഡയറക്ടറുടെ സന്ദേശം



എസ്. ഹരികിഷോർ ഐ.എ.എസ്

# അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്താനും സാമൂഹ്യപുരോഗതിക്കും കുടുംബശ്രീ പദ്ധതികൾ

**2018-19** സാമ്പത്തിക വർഷം അയൽക്കൂട്ട വർഷമായി ആചരിക്കാൻ കേരള സർക്കാർ ബജറ്റിൽപ്രഖ്യാപനം നടത്തിയിട്ടുണ്ട്. കുടുംബശ്രീ തുടങ്ങി ഇരുപത് വർഷം തികയുന്ന ഈ അവസരത്തിൽ അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്തുകയും അതിലെ അംഗങ്ങൾക്ക് സാമൂഹ്യരംഗത്ത് പുരോഗതിയും സാമ്പത്തിക സാമൂഹിക ശാക്തീകരണവും നൽകുന്നതോടൊപ്പം കൂടുതൽ ആളുകൾക്ക് ഉപജീവന മാർഗങ്ങൾ കണ്ടെത്തി നൽകേണ്ടത് കാലത്തിന്റെ ആവശ്യകതയാണ്. അയൽക്കൂട്ട വർഷത്തോടനുബന്ധിച്ച് ഈയവസരത്തിൽ കുടുംബശ്രീ വിഭാവനം ചെയ്തു നടപ്പാക്കുന്ന വിവിധ പദ്ധതികളെ കുറിച്ചാണ് ഈ ലക്കത്തിൽ പറയുന്നത്.

### അയൽക്കൂട്ടങ്ങൾ ശക്തിപ്പെടുത്താൻ വിവിധ പദ്ധതികൾ

കുടുംബശ്രീയിൽ 2,82,560 അയൽക്കൂട്ടങ്ങളും ഇതിൽ 43.8 ലക്ഷം അംഗങ്ങളുമുണ്ട്. 1065 സി.ഡി.എസുകളും 19489 എ.ഡി.എസുകളുമുണ്ട്. ഈ സംഘടനാ സംവിധാനത്തിന് കരുത്ത് പകരുകയും പുതിയ കാലത്തിനനുസരിച്ച് പുരോഗതി കൈവരിക്കുകയും ചെയ്യുന്നതിനായി കുടുംബശ്രീയുടെ അടിത്ത ഭദ്രമാകേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ് കുടുംബശ്രീ 2018-19 അയൽക്കൂട്ട വർഷമായി ആചരിക്കാനുള്ള തീരുമാനം. ഒരു വലിയക്യാമ്പെയ്ൻ നടത്തി അയൽക്കൂട്ടങ്ങളിലേക്ക് ആളുകളെ ചേർക്കുന്ന രീതിയിലല്ല പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എങ്കിലും കൂടുതൽ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതും കൂടുതൽ ആളുകൾ കുടുംബശ്രീ സംവിധാനത്തിലേക്ക് കടന്നു വരുന്നതും എപ്പോഴും സ്വാഗതാർഹമാണ്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 5298 പുതിയ അയൽക്കൂട്ടങ്ങളും അതിൽ 74804 പുതിയ അംഗങ്ങൾ വരികയും ചെയ്തിട്ടുണ്ട്. ഇതൊരു തുടർപ്രക്രിയയായി നടന്നു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കൃത്യമായ പ്രവർത്തനമില്ലാത്ത അയൽക്കൂട്ടങ്ങളെ പുനരുജ്ജീവിപ്പിക്കുക എന്നതാണ് കുടുംബശ്രീ സംസ്ഥാനതലത്തിൽ പ്രാധാന്യം നൽകി നടപ്പാക്കുന്ന പ്രവർത്തനം. ആകെയുള്ള 2.82 ലക്ഷം അയൽക്കൂട്ടങ്ങളിൽ ചിലത് ആഴ്ച തോറും കൃത്യമായി യോഗം ചേരാതെയും മൈക്രോ ഫിനാൻസ് പദ്ധതി നടപ്പാക്കാതെയും മറ്റ് സേവന പദ്ധതികൾ നടപ്പാക്കുന്നതിൽ വിമുഖത കാട്ടുന്നതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത്തരം അയൽക്കൂട്ടങ്ങളെ കുറിച്ച് ഒരു സമഗ്ര സർവേ നടത്തി അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്താനും പ്രവർത്തനമികവ് വീണ്ടെടുക്കാനുമുള്ള കാര്യങ്ങൾ ചെയ്യാനാണ് അയൽക്കൂട്ട വർഷം ആചരിക്കുന്നത്. ഈ പ്രവർത്തനങ്ങളുടെ ഫലമായി ഇതുവരെ 1626 അയൽക്കൂട്ടങ്ങളെ പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

### പ്രത്യേക അയൽക്കൂട്ടങ്ങൾ

മറ്റൊരു പ്രധാനപ്പെട്ട കാര്യം പ്രത്യേക അയൽക്കൂട്ടങ്ങളുടെ രൂപീകരണമാണ്. ഭിന്നലിംഗ വിഭാഗത്തിൽ പെട്ടവർ, വയോജനങ്ങൾ എന്നിവർക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. പ്രത്യേകിച്ച് വയോജന അയൽക്കൂട്ടങ്ങളിൽ ചേരാൻ വലിയ തോതിൽ ആളുകൾ മുന്നോട്ടു വന്നതിലൂടെ ശ്രദ്ധേയമായ

സാമൂഹ്യമാറ്റം കൊണ്ടുവരാൻ കഴിഞ്ഞുവെന്നത് നേട്ടമാണ്. നിലവിൽ 4638 വയോജനങ്ങളുടെ അയൽക്കൂട്ടങ്ങളും ഭിന്നലിംഗ വിഭാഗത്തിൽപെട്ടവരുടെ 25ഉം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ 1590 അയൽക്കൂട്ടങ്ങളുണ്ട്. ഈ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും ഉപജീവനപദ്ധതികളുമായി ലിങ്ക് ചെയ്യുന്നതിനുമുള്ള കാര്യങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഈ വർഷം ആരംഭിക്കുകയാണ്. ഇങ്ങനെ അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്തി പ്രവർത്തനം ചിട്ടപ്പെടുത്തുന്തോടൊപ്പം അറിവ് പകരാനും കുടുംബശ്രീ പദ്ധതിയിടുന്നു. കഴിഞ്ഞ വർഷം നടപ്പാക്കിയ കുടുംബശ്രീ സ്കൂൾ ഇതിന്റെ മികച്ച ഉദാഹരണമാണ്. ആറ് വ്യത്യസ്ത വിഷയങ്ങൾ ആറ് ആഴ്ച കൊണ്ട് എല്ലാ അയൽക്കൂട്ടങ്ങളിലും എത്തിക്കുക എന്ന ശ്രമകരമായ ദൗത്യമായിരുന്നു കുടുംബശ്രീ ഏറ്റെടുത്തു ചെയ്തത്. ഇത് അയൽക്കൂട്ടങ്ങൾ പൂർണമനസോടെ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ

സ്കൂളിന്റെ രണ്ടാം ഘട്ടം കാലിക പ്രാധാന്യമുള്ള വിഷയങ്ങളെ ഉൾപ്പെടുത്തി ഈ നവംബർ മുതൽ ആരംഭിക്കും. ഇതുകൂടാതെ 2019 ജനുവരിക്കു ശേഷം സ്ത്രീപദവി സ്വയംപഠന പ്രക്രിയയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും വിഷയങ്ങളും അയൽക്കൂട്ടതലങ്ങളിൽ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇങ്ങനെ അയൽക്കൂട്ടഅംഗങ്ങൾക്ക് കുടുംബശ്രീ പദ്ധതികളെ പരിചയപ്പെടുത്തുന്നതിനപ്പുറത്തേക്ക് അവർക്ക് സാമൂഹിക ബോധവൽക്കരണം നൽകാനും സമൂഹത്തിനു വേണ്ടി പ്രവർത്തിക്കാനുള്ള കരുത്തു ലഭ്യമാക്കുന്നതിനും ആത്മവിശ്വാസം പ്രദാനം ചെയ്യാനും കഴിയുന്നു. കൂടാതെ സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളും അനീതിയും ചെറുത്തുകൊണ്ട് വലിയ തലത്തിലുള്ള സാമൂഹിക മുന്നേറ്റത്തിന് ശക്തി പകരാനും പര്യാപ്തമായ വിജ്ഞാനവും പ്രാപ്തിയും നൽകുന്നതിനുള്ള പദ്ധതികളും അയൽക്കൂട്ട വർഷത്തിന്റെ ഭാഗമായി ആസൂത്രണം ചെയ്യുന്നുണ്ട്. ഹരിതകേരളം മിഷനുമായി ചേർന്നു കൊണ്ട് ആരോഗ്യ ജാഗ്രതാ ക്യാമ്പെയ്ൻ വഴി ശുചിത്വമുള്ള നാടാണ് ആരോഗ്യമുള്ള നാട് എന്നുള്ള സന്ദേശം അയൽക്കൂട്ടതലങ്ങളിൽ എത്തിക്കുന്നതിലും മദ്യത്തിനെതിരെയുള്ള ബോധവൽക്കരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഈ മേഖലയിലേക്ക് തിരിച്ചു വിടാനുമുള്ള കാര്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകാനും ഉദ്ദേശിക്കുന്നു.

## ലിങ്കേജിന്റെ പ്രാധാന്യം

1998 മുതൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മികച്ച പ്രവർത്തനങ്ങളിലൂടെ 4302 കോടി രൂപയുടെ സമ്പാദ്യം നേടിയെടുത്തിട്ടുണ്ട്. 17489 കോടിരൂപ ആന്തരിക വായ്പയായി കുടുംബശ്രീ അംഗങ്ങൾക്ക് ലഭ്യമായി കഴിഞ്ഞു. 2,82,560 അയൽക്കൂട്ടങ്ങളിലായി രണ്ട് ലക്ഷത്തോളം അയൽക്കൂട്ടങ്ങൾ ബാങ്ക് ലിങ്കേജ് എടുത്തിട്ടുള്ളത്. 9966 കോടി രൂപയാണ് കുടുംബശ്രീയുടെ ഇതുവരെയുള്ള ബാങ്ക് ലിങ്കേജ്. 98 ശതമാനം തിരിച്ചടവുള്ള ഈ സാമ്പത്തിക ഇടപാടുകളിലൂടെ അയൽക്കൂട്ടങ്ങൾക്ക് ബാങ്കുകളുടെ വിശ്വാസമാർജിക്കാനും അതു വഴി യാതൊരു ഈടുമില്ലാതെ വായ്പ നൽകാൻ ബാങ്കുകൾക്ക് പ്രചോദനമാവുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം വായ്പകൾ ലഭിക്കുന്നതിലൂടെ ഉപജീവനമാർഗങ്ങൾ കെട്ടിപ്പടുക്കുന്നതിനും മികച്ച വിദ്യാഭ്യാസ ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റുന്നതിനും കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. അയൽക്കൂട്ട വർഷാചരണത്തിന്റെ ഭാഗമായി നിക്ഷേപവും വായ്പയും സംബന്ധിച്ച പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തിട്ടുണ്ട്. എല്ലാ അയൽക്കൂട്ടങ്ങളിലും ഒരു മൈക്രോ ക്രെഡിറ്റ് പ്ലാൻ തയ്യാറാക്കുക എന്നതാണ് ഈ വർഷം ഉദ്ദേശിക്കുന്നത്. ഇതുപ്രകാരം ഓരോ അയൽക്കൂട്ടവും അടുത്ത മൂന്നു വർഷകാലത്തേക്ക് തങ്ങൾക്ക് എത്ര വായ്പ ആവശ്യമുണ്ടെന്നും ഏതൊക്കെ സ്രോതസിൽ നിന്നും വാങ്ങണമെന്നും എങ്ങനെ ഫലപ്രദമായി വിനിയോഗിക്കണമെന്നും സംബന്ധിച്ച കാര്യങ്ങൾ ആസൂത്രണം ചെയ്യുക എന്നതാണ് മൈക്രോ ക്രഡിറ്റ് സമ്മിറ്റിലൂടെ ഉദ്ദേശിക്കുന്നത്.



40000 ത്തോളം അയൽക്കൂട്ടങ്ങൾ ഇപ്പോഴും ബാങ്ക് ലിങ്കേജ് എടുത്തിട്ടില്ല. കൊള്ളപ്പലിശക്കാരുടെ കെണിയിൽ നിന്നും സാധാരണക്കാരായ കുടുംബശ്രീ വനിതകളെ മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ലിങ്കേജ് ശക്തമാക്കാനും ഒരേ സമയം പല സ്വകാര്യ പണമിടപാടുകാരുടെ കൈയ്യിൽ നിന്നും വായ്പയെടുത്ത് കടക്കെണിയിലാകുന്ന അവസ്ഥയൊഴിവാക്കുന്നതിനുള്ള ഫലപ്രദമായ സാമ്പത്തിക സാക്ഷരതാ ക്യാമ്പെയ്നും സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അങ്ങനെ നൂറു ശതമാനം അയൽക്കൂട്ടങ്ങളുടെയും ലിങ്കേജാണ് ഈ വർഷത്തെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിക്കുകയാണ്. ഏകദേശം 25000 ത്തോളം അയൽക്കൂട്ടങ്ങൾ പുതുതായി ലിങ്കേജ് എടുത്തിട്ടുണ്ട്. ഇതു കൂടാതെ ഒറ്റത്തവണ ലിങ്കേജ് എടുത്ത് ഇപ്പോൾ ലിങ്കേജ് ഇല്ലാത്ത അയൽക്കൂട്ടങ്ങളെ കൂടി ബാങ്ക് ലിങ്കേജിലേക്ക് കൊണ്ടുവന്ന് അവർക്കും നാല് ശതമാനം പലിശയ്ക്ക് ബാങ്ക് വായ്പ ലഭ്യമാക്കുക എന്ന വലിയൊരു പദ്ധതി കൂടി കുടുംബശ്രീ ആസൂത്രണം ചെയ്തിട്ടുണ്ട്. എല്ലാ അയൽക്കൂട്ടങ്ങളും മൈക്രോ ക്രെഡിറ്റ് ആസൂത്രണം ചെയ്യുകയും നാല് ശതമാനം പലിശയ്ക്ക് എല്ലാ അയൽക്കൂട്ടങ്ങൾക്കും വായ്പ ലഭ്യമാക്കുകയും ചെയ്യുമ്പോൾ സാമ്പത്തിക ശാക്തീകരണത്തിന് ഉപരിയായി ചൂഷണത്തിൽ നിന്നും സാധാരണക്കാരെ രക്ഷിക്കുന്ന തരത്തിൽ കുടുംബശ്രീയുടേ പ്രവർത്തനങ്ങൾക്ക് കരുത്തേകാൻ സാധിക്കും.

## അയൽക്കൂട്ടങ്ങൾ ഡിജിറ്റലാകുന്നു

അയൽക്കൂട്ടതലത്തിൽ നടപ്പാക്കുന്ന മറ്റൊരു പ്രധാനപ്പെട്ട മാറ്റം ട്രാൻസാക്ഷൻ ബേസ്ഡ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വരുന്നു എന്നതാണ്. എല്ലാ അയൽക്കൂട്ടങ്ങളെയും ഡിജിറ്റലൈസ് ചെയ്യുക എന്ന വ്യക്തമായ ലക്ഷ്യത്തോടെയാണ് ഇതു നടപ്പാക്കുന്നത്. അംഗങ്ങളുടെ ലഘു സമ്പാദ്യം, ആന്തരിക വായ്പ തുടങ്ങി അയൽക്കൂട്ടങ്ങളിലെ എല്ലാ സാമ്പത്തിക ക്രയവിക്രയങ്ങളും ഡിജിറ്റലായി ലാപ്ടോപ്പിൽ വഴി രേഖപ്പെടുത്തിയ ശേഷം എം.ഐ.എസിൽ സൂക്ഷിക്കുന്ന തരത്തിലാണ് ഈ പദ്ധതി നടപ്പാക്കുക. ഇതു കുടുംബശ്രീ ഡിജിറ്റലാകുന്നതിന്റെ ഭാഗമായി ഒരു പുതിയ മാറ്റത്തിനു തുടക്കം കുറിക്കും.

## സാമൂഹ്യപുരോഗതിക്ക് കരുത്തേകാൻ

സാമൂഹ്യ രംഗത്ത് നൂതന പദ്ധതികൾ നടപ്പാക്കുന്ന വർഷമാ





ണ് 2018-19. അഗതിരഹിത കേരളം പദ്ധതി കഴിഞ്ഞ വർഷം പ്രഖ്യാപിച്ചത് അന്തിമഘട്ടത്തിലെത്തി നിൽക്കുന്നു. എല്ലാ പഞ്ചായത്തുകളിൽ നിന്നും പ്രോജക്ടുകൾ തയ്യാറാക്കി സംസ്ഥാനമിഷനിലേക്ക് സമർപ്പിച്ചു കൊണ്ടിരിക്കുകയാണ്. നൂറിലേറെ പ്രോജക്ടുകൾ വന്നു കഴിഞ്ഞു. ഇനിയുള്ള രണ്ട് മാസങ്ങളിൽ ആയിരം പഞ്ചായത്തുകളിൽ നിന്നും പ്രോജക്ടുകൾ ലഭിക്കുകയും ഇതു പാസാക്കി കൊണ്ട് അഗതിരഹിത കേരളം പദ്ധതിക്ക് തുടക്കമിടാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതു കൂടാതെ പുതുതായി കേരളത്തിൽ 200 ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്ന പദ്ധതിക്കും തുടക്കം കുറിച്ചു. ഇതിനായി മാറ്റി വച്ചിരുന്ന തുക സെപ്റ്റംബറിൽ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ എല്ലാ പഞ്ചായത്തുകൾക്കും കൈമാറുകയും വരുന്ന നാല് മാസങ്ങൾക്കുള്ളിൽ 200 പുതിയ ബഡ്സ് സ്കൂളുകൾ പഞ്ചായത്ത്തലത്തിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്.

കുടുംബശ്രീയുടെ കരുത്ത് അൽപം കുറഞ്ഞ മേഖലയാണ് തീരദേശ മേഖലയും ആദിവാസി മേഖലയും. ഇതിൽ പട്ടികവർഗ മേഖലയിൽ ആവശ്യത്തിന് ആനിമേറ്റർമാരെ നിയമിച്ചുകൊണ്ട് പട്ടികവർഗ അയൽക്കൂട്ടങ്ങൾ ശക്തിപ്പെടുത്താനും ഉപജീവന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകാനും ലക്ഷ്യമിടുന്നു. ഇതിനായി പരമ്പാരഗത ഉപജീവന മാർഗങ്ങളിൽ ഊന്നിക്കൊണ്ടുള്ള വിവിധ പദ്ധതികളാണ് തയ്യാറായിട്ടുള്ളത്. അതു പോലെ തീരദേശ മേഖലയിലും തീരദേശ വൊളണ്ടിയർമാരെ നിയമിച്ചുകൊണ്ട് സൂക്ഷ്മസംരംഭങ്ങൾ രൂപീകരിക്കുകയും ആ മേഖലയിലുള്ള വനിതകളുടെ ഉപജീവന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. ബാലസഭാ പ്രവർത്തനങ്ങളും പുതിയ തലത്തിലേക്ക് മാറ്റാനും കാലോചിതമായ പരിശീലനങ്ങളും നേതൃപാടവും ബാലസഭയിലെ കുട്ടികൾക്ക് നൽകാനുമുള്ള പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഇത്തരത്തിലുള്ള പല പ്രവർത്തനങ്ങൾ കൂടുതൽ ശ്രദ്ധയോടും കരുതലോടും കൂടി ആവിഷ്കരിച്ച് നടപ്പാക്കുക വഴി സാമൂഹ്യമേഖലയിൽ വലിയൊരു മാറ്റം കൊണ്ടു വരാൻ കുടുംബശ്രീക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഏറ്റവും താഴേതട്ടിലുള്ളരുടെ ഉന്നമനം ലക്ഷ്യമിട്ട് കുടുംബശ്രീയുടെ അടിത്തറയായ അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്തുന്നതോടൊപ്പം മൈക്രോഫിനാൻസിന്റെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയും വിവിധ സാമൂഹ്യ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി 2018-19 അവസാനമാകുമ്പോഴേക്കും വലിയൊരു മാറ്റം കുടുംബശ്രീയിലൂടെ കേരളത്തിന് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്.